**Athmaraksha.org**

അനുദിന പ്രാർത്ഥനകൾ

## യാത്ര പോകുമ്പോഴും തിരിച്ചു വരുമ്പോഴും-Travel




### യാത്രയ്ക്കു പോകുമ്പോഴുള്ള പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനായ ഈശോയെ, അങ്ങയുടെ അനന്തപരിപാലനയെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയിലുള്ള ആഴമായ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് അവിടത്തെ അനുഗ്രഹത്തിനായി ഞങ്ങളിതാ അങ്ങയുടെ സന്നിധിയിൽ അണഞ്ഞിരിക്കുന്നു. കർത്താവേ, ഞങ്ങൾ ആരംഭിക്കുന്ന ഈ യാത്രയേയും അതിലെ എല്ലാ കാര്യങ്ങളേയും അങ്ങയുടെ പ്രത്യേകസംരക്ഷണയ്ക്കും പരിപാലനയ്ക്കുമായി സമർപ്പിക്കുന്നു. ഈശോയെ, അങ്ങയുടെ വലതുകരം നീട്ടി ഞങ്ങളെ (എന്നെ) അനുഗ്രഹിച്ചാലും. അങ്ങയുടെ സാന്നിദ്ധ്യവും സഹായവും ഈ യാത്രയിലുടനീളം ഞങ്ങൾക്ക് ( എനിക്ക്) താങ്ങും തണലുമായിരിക്കട്ടെ. യാത്രയിലുണ്ടാകുന്ന എല്ലാവിധ ആപത്തുകളിലും അപകടങ്ങളിലുംനിന്നു ഞങ്ങളെ (എന്നെ) കാത്തുകൊള്ളണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയമേ, വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങൾക്കു (എനിക്കു) വേണ്ടി അപേക്ഷിക്കണമേ. ഞങ്ങളെ (എന്നെ) കാക്കുന്ന കർത്താവിന്റെ മാലാഖമാരേ (മാലാഖയേ) ഞങ്ങൾക്ക് (എനിക്ക്) കൂട്ടായിരിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

### യാത്ര കഴിഞ്ഞു വരുമ്പോഴുള്ള പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയെ, ഈ യാത്രയുടെ അവസാനത്തിൽ അങ്ങയുടെ അനന്തപരിപാലനയെ ഓർത്ത് നന്ദി പറയുവാനും അങ്ങയുടെ തിരുനാമം കീർത്തിക്കുവാനുമായി ഞാനിതാ അങ്ങയുടെ സന്നിധിയിൽ വന്നിരിക്കുന്നു. കർത്താവേ, ഈ യാത്രാമദ്ധ്യേ അങ്ങ് എനിക്ക് നൽകിയ അനുഗ്രങ്ങളെയോർത്ത് ഞാനങ്ങയെ സ്തുതിക്കുന്നു. ഈ യാത്രയിൽ സംഭവിച്ച എല്ലാ കാര്യങ്ങളിലും എന്റെ ജീവിതനന്മയ്ക്ക് ഉപകരിക്കുമാറാകട്ടെ. അങ്ങനെ അങ്ങയെ കൂടുതൽ മഹത്വപ്പെടുത്തുവാനും അങ്ങേക്കു പ്രീതികരമായി ജീവിക്കുവാനും എനിക്കിടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.

### തിരുവചനം

ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും. നിന്നെ ഈ നാട്ടിലേക്കു തിരികെ കൊണ്ടുവരും . നിന്നോടു പറഞ്ഞതൊക്കെ നിറവേറ്റുന്നതുവരെ ഞാൻ നിന്നെ കൈവിടുകയില്ല (ഉൽപത്തി 28:15).

ഞാൻ നിനക്കു മുൻപേ പോയി മലകൾ നിരപ്പാക്കുകയും ഇരുമ്പോടാമ്പലുകൾ ഒടിക്കുകയും ചെയ്യും (ഏശയ്യാ 45:2).

നീ അവരെ ഭയപ്പെടേണ്ടാ, നിന്റെ രക്ഷക്കു നിന്നോടുകൂടെ ഞാനുണ്ട്, കർത്താവാണിതു പറയുന്നത് (ജറെമിയാ 1:8).

കർത്താവാണ് നിന്റെ മുൻപിൽ പോകുന്നത് അവിടുന്ന് നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്ന് നിന്നെ ഭഗ്നാശനാക്കുകയോ പരിത്യജിക്കുകയോ ഇല്ല. ഭയപ്പെടുകയോ സംഭ്രമിക്കുകയോ വേണ്ടാ (നിയമാവർത്തനം 31:8).

+++